"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

കേരളീയ പ്രവാസികാര്യ വകുപ്പ് - ലോക കേരള സഭ പിരിച്ചുവിട്ടു കൊണ്ടും, പ്രവാസി ഇടപെടൽ സംവിധാനത്തിന്റെ പുനരവലോകനവും പുന:സംഘടനയും സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചും, നോർക്ക വകുപ്പിന്റെ ഘടന ശക്തിപ്പെടുത്തുന്നതിനായി ഏകോപന അധികാരിയെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2026/NORKA തീയതി,തിരുവനന്തപുരം, 24-09-2026

---

**<u>ഉത്തരവ്</u>**

19/06/2017-ലെ സ.ഉ.(സാധാ)നം.418/2017/നോർക്ക, 02.08.2017 ലെ സ.ഉ.(സാധാ)നം.498/2017/നോർക്ക, 01.11.2017 ലെ സ.ഉ.(സാധാ)നം.635/2017/നോർക്ക എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിച്ചിട്ടില്ലെന്നും, പ്രവാസികളുമായി കൂടുതൽ സ്ഥിരമായി ഇടപഴകുന്നതിന് മെച്ചപ്പെട്ടതും തുടർച്ചയായതും ഘടനാപരവുമായ ഒരു വേദിയും സംവിധാനവും ആവശ്യമാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, മേൽ ഉത്തരവുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ലോക കേരള സഭ പിരിച്ചുവിട്ടു കൊണ്ടു സർക്കാർ ഉത്തരവാകുന്നു.

2. ആഗോള പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട് തുടർച്ചയായും ഘടനാപരവുമായ ഇടപെടലിനായി ഉചിതമായ സ്ഥാപന സംവിധാനം ശിപാർശ ചെയ്യുന്നതിനും, അത്തരം ഇടപെടൽ നിലനിർത്തുന്നതിനും, ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സ്ഥാപന ചട്ടക്കൂട്, പ്രാതിനിധ്യം, നടപടിക്രമങ്ങൾ, ഏകോപന സംവിധാനങ്ങൾ എന്നിവ ശിപാർശ ചെയ്യുന്നതിനുമായി ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ, ആഭ്യന്തര, ആരോഗ്യ-കുടുംബക്ഷേമ, ജലവിഭവ വകുപ്പു മന്ത്രിമാർ അംഗങ്ങളായി ഒരു സമിതി രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രവാസികാര്യ വകുപ്പ് സെക്രട്ടറി സമിതിയുടെ സെക്രട്ടറിയായിരിക്കും. വിവിധ പ്രവാസി സമൂഹങ്ങളിലെ നിലവിലുള്ള നിക്ഷേപ സ്ഥാപനങ്ങളെയും, സംഘടനകളെയും കുറിച്ചും, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ റെമിറ്റൻസ് സമ്പദ് വ്യവസ്ഥയിൽ നിന്നും നിക്ഷേപ സമ്പദ് വ്യവസ്ഥയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സാധ്യതകളെക്കുറിച്ചും സമിതി പരിശോധിക്കുന്നതാണ്.

3. ലോക കേരള സഭ പിരിച്ചുവിടുന്നതിന്റെ തുടർച്ചയായി, ഡയറക്ടർ, ലോക കേരള സഭ സെക്രട്ടേറിയറ്റ് എന്ന തസ്തിക ഡയറക്ടർ, നോർക്ക എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു. നോർക്ക വകുപ്പ് സെക്രട്ടറിക്ക് കീഴിൽ, നോർക്ക റൂട്ട്സ്, കേരള പ്രവാസി ക്ഷേമ ബോർഡ്, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് കമ്പനി, എന്നിവയുൾപ്പെടെ വകുപ്പിലെ മറ്റ് ഏജൻസികളുടെ ഏകീകൃത ഏകോപനം, മേൽനോട്ടം

എന്നിവയുടെ ചുമതലയുള്ള അപെക്സ് ഏകോപന അധികാരിയായി ഡയറക്ടർ, നോർക്ക പ്രവർത്തിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം അഞ്ജന ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, നോർക്ക
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
മാനേജിംഗ് ഡയറക്ടർ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് കമ്പനി
മെമ്പർ സെക്രട്ടറി, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (AIS-A) വകുപ്പ്
ധനകാര്യ വകുപ്പ്
ആസൂത്രണ വകുപ്പ്
നിയമ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Roopa. S. Thampi
Date: 25-09-2026
11:05:13

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. വ്യവസായ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. ആഭ്യന്തര വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. ജലവിഭവ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
നോർക്ക വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ
പൊതുഭരണ (എസ് സി )വകുപ്പ് (23/09/2026 -ലെ ഒ.എ 205 നമ്പർ തീരുമാനപ്രകാരം)